പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2533     18.07.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ചെറുകിട തേയില കർഷകരുടെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | | ശ്രീ. കെ . പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആകെ തേയില ഉല്പാദനം എത്രയാണ്; | (എ) | വർഷം — ഉല്പാദനം<br>2008 — 70, 287 ടൺ<br>2009 — 68, 964 ടൺ<br>2010 — 66,754 ടൺ |
| (ബി) | തേയില ഉല്പാദന രംഗത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ജില്ല ഏതാണ്; | (ബി) | ഇടുക്കി ജില്ല. |
| (സി) | തേയില ഉല്പാദനത്തിന്റെ കാര്യത്തിൽ ചെറുകിട തേയില കർഷകരുടെ പങ്ക് എത്ര ശതമാനമാണ്; | (സി) | 2008 വർഷത്തിൽ 4.27 ശതമാനവും, 2009 വർഷത്തിൽ 4.35 ശതമാനവും 2010 വർഷത്തിൽ 4.49 ശതമാനവും . |
| (ഡി) | ചെറുകിട തേയില കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ഡി) | ഉല്പാദന യൂണിറ്റുകളുടെ അഭാവം, തേയില കർഷകരുടെ ഏകോപനമില്ലായ്മ, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത , പുതിയ തേയിലത്തോട്ടങ്ങൾ പരിപാലിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ, ജലസേചന സൗകര്യമില്ലായ്മ, ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിനുള്ള പരിജ്ഞാനമില്ലായ്മ എന്നിവയാണ് ചെറുകിട തേയില കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ. |

— — — — — —

(ഇ) ചെറുകിട തേയില കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച്, പ്രതിസന്ധി നേരിടുന്ന തേയില മേഖലയുടെ ഉന്നമനത്തിനായി പുതിയ കർമ്മ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ) പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

— — — — — — -